പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190 4-10-2011 ന് മറുപടിക്ക്

## വനഭൂമിയിൽ നിന്നുള്ള മരം മോഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>" എസ്. രാജേന്ദ്രൻ:<br>" കെ. വി. വിജയദാസ്: | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) വനഭൂമിയിലെ മരങ്ങൾ മോഷ്ടിക്കപ്പെടുന്നതായ സംഭവങ്ങൾ വർദ്ധിച്ച തോതിൽ നടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) മരങ്ങൾ മുറിച്ച് കടത്തുന്നത് തടയാനുള്ള സംവിധാനങ്ങൾ ഫലപ്രദമാണോ; | (ബി) ഫലപ്രദമാണ്. അനധികൃത മരംമുറി തടയുന്നതിനുവേണ്ടി നിലവിലുള്ള സംരക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും, രാത്രികാല പട്രോളിംഗ് നടത്തിയും തദ്ദേശീയരായ വാച്ചർമാരുടെയും വന സംരക്ഷണ സമിതികളുടെയും ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളുടെയും സഹായത്തോടെ ജനപങ്കാളിത്തത്തോടു കൂടിയ വന പരിശോധന, രഹസ്യവിവര ശേഖരണം എന്നിവ ശക്തമാക്കി വനസംരക്ഷണം ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്. |

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മരങ്ങൾ മുറിച്ചുകടത്തിയ എത്ര സംഭവങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ആരെയെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

(സി) ഈ സർക്കാർ അധികാരമേറ്റശേഷം അനധികൃതമായി മരങ്ങൾ മുറിച്ചതുമായി ബന്ധപ്പെട്ട സംഭവങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സർക്കിൾ | സംഭവങ്ങളുടെ എണ്ണം | കേസ്സുകളുടെ എണ്ണം | അറസ്റ്റ് ചെയ്തവരുടെ എണ്ണം |
|---|---|---|---|
| കൊല്ലം | 33 | 33 | 11 |
| കോട്ടയം | 116 | 116 | 68 |
| തൃശ്ശൂർ | 10 | 10 | 6 |
| പാലക്കാട് | 32 | 32 | 49 |
| കണ്ണൂർ | 36 | 36 | 24 |
| പാലക്കാട് വന്യജീവി വിഭാഗം | 3 | 3 | -- |
| ഫീൽഡ് ഡയറക്ടർ കോട്ടയം | 9 | 9 | 12 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 1 | 1 | 2 |
| **ആകെ** | 240 | 240 | 172 |

സെക്ഷൻ ഓഫീസർ